A

# സമഗ്രശിക്ഷാ കേരളം

GI 712

## വാർഷിക മൂല്യനിർണ്ണയം 2023 - 2024

### മലയാളം

### അടിസ്ഥാനപാഠാവലി

**ക്ലാസ് : 7** | **സമയം: 2 മണിക്കൂർ**

## *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ സ്കോർ 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) സ്കോർ കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. എല്ലാ ചോദ്യങ്ങളുടെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.
4. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതുക. ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാല് എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

**പഠനനേട്ടം : ആശയഗ്രഹണ വായനയ്ക്കു ശേഷം സാമഗ്രിയെ വിശകലനാത്മക രീതിയിൽ പരിശോധിച്ച് ശരിയുത്തരങ്ങൾ കണ്ടെത്തുന്നു**

**സൂചകങ്ങൾ**

| | |
|---|---|
| 1. മഴക്കാലം | 1 |
| 2. സഹജീവിസ്നേഹം | 1 |
| 3. ചെങ്കല്ലു കലർന്ന വെള്ളം | 1 |
| 4. പറമ്പ് പുഴയായി മാറി | 1 |
| 5. ഇടിമഴ | 1 |

**പ്രവർത്തനം 2 ആസ്വാദനക്കുറിപ്പ്**

**പഠനനേട്ടം : കവിതയിലെ പ്രധാന ആശയങ്ങൾ, അവതരണ ഭംഗി, ബിംബകല്പന, ആലങ്കാരികത എന്നിവ കണ്ടെത്തി സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ചേർത്ത് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.**

**സൂചകങ്ങൾ**

| | | |
|---|---|---|
| 1. | കവിതയിലെ ആശയങ്ങൾ സ്വാംശീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട് | 1 |
| 2. | കവിതകളെക്കുറിച്ച് താൽപര്യവും ആകാംക്ഷയും ഉണ്ടാകുന്നതിനനുയോജ്യമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട് | 1 |
| 3. | സവിശേഷപ്രയോഗങ്ങൾ, സ്വന്തം നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി അനുയോജ്യമായി അവതരിപ്പിച്ചിട്ടുണ്ട് | 1 |
| 4. | കവിതയിലെ സൗന്ദര്യതലം, പ്രസക്തി എന്നിവ കണ്ടെത്തി യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട് | 1 |
| ബി. | എൻ.വി. കൃഷ്ണവാര്യർ | 1 |

**പ്രവർത്തനം 3 താരതമ്യക്കുറിപ്പ്**

**പഠനനേട്ടം : സാഹിത്യകൃതികളിലൂടെ ആവിഷ്കരിക്കപ്പെട്ട വ്യത്യസ്ത അനുഭവങ്ങൾ സ്വാംശീകരിച്ച് അവയെ വ്യാഖ്യാനിച്ച് സ്വാനുഭവങ്ങളിലൂടെ താരതമ്യം ചെയ്യുന്നു.**

**സൂചകങ്ങൾ**

1. താരതമ്യത്തിനു വിധേയമായ രചനകളുടെ സവിശേഷതകൾ വ്യക്തമാക്കുന്ന തരത്തിലുള്ള ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് 1
2. നിഗമനങ്ങളും കണ്ടെത്തലുകളും താരതമ്യം ചെയ്ത് അവതരിപ്പിച്ചിട്ടുണ്ട് 1
3. സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട് 1
4. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിട്ടുണ്ട് 1

ബി. ഉത്തമൻ 1

**പ്രവർത്തനം 4 വിശകലനക്കുറിപ്പ്**

**പഠനനേട്ടം : വായിച്ചും കേട്ടും ലഭിച്ച വിവരങ്ങൾ ആശയചോർച്ച കൂടാതെയും സ്വന്തം നിരീക്ഷണങ്ങൾ കൂട്ടിച്ചേർത്തും വിശകലനം ചെയ്ത് അനുയോജ്യമായ ഭാഷയിൽ കുറിപ്പുകൾ തയ്യാറാക്കുന്നു.**

**സൂചകങ്ങൾ**

1. നൽകിയിട്ടുള്ള രചനകളിലെ ആശയങ്ങളെ വിശകലനം ചെയ്തിട്ടുണ്ട് 1
2. സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും കാര്യകാരണബന്ധത്തോടെ അവതരിപ്പിച്ചിട്ടുണ്ട് 1
3. ആശയങ്ങൾ ക്രമീകരിച്ച് എഴുതിയിട്ടുണ്ട് 1
4. സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ട് 1
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് 1

**പ്രവർത്തനം 5 നിവേദനം**

**പഠനനേട്ടം : പാഠഭാഗത്തു നിന്നും നേടിയ ഭാഷാപരവും ആശയപരവുമായ ശേഷികൾ പ്രയോജനപ്പെടുത്തി രചനകളിൽ ഏർപ്പെടുന്നു.**

**സൂചകങ്ങൾ**

1. പ്രശ്നം അവതരിപ്പിക്കാൻ ആവശ്യമായ ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് 1
2. ഉചിതമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട് 1
3. നിവേദനത്തിന്റെ ഘടന (പ്രേഷിതൻ, സ്വീകർത്താവ്, ഉള്ളടക്ക വിശദാംശങ്ങൾ സ്ഥലം, തീയതി) പാലിച്ചിട്ടുണ്ട് 1
4. സംക്ഷിപ്തവും ആകർഷകവുമായ വിന്യാസം പാലിച്ചിട്ടുണ്ട് 1

ബി. മനുഷ്യൻ 1

**പ്രവർത്തനം 6 പ്രതികരണക്കുറിപ്പ്**

**പഠനനേട്ടം : നിർദിഷ്ട വിഷയവുമായി ബന്ധപ്പെട്ട പ്രസക്തമായ ആശയങ്ങൾ, സ്വന്തം നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി ആശയപൂർണ്ണതയും ഭാഷാമികവും പാലിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു.**

**സൂചകങ്ങൾ**

1. ആശയങ്ങൾ നന്നായി വിശകലനം ചെയ്ത് പ്രതികരണം തയ്യാറാക്കിയിട്ടുണ്ട് 1
2. പ്രതികരണം ശക്തമായും വായനക്കാരെ സ്വാധീനിക്കും വിധത്തിലും അവതരിപ്പിക്കാൻ പറ്റിയ ഭാഷ ഉപയോഗിച്ചിട്ടുണ്ട് 1
3. തന്റെ നിലപാട് ഉദാഹരണസഹിതം യുക്തിയോടെ വ്യക്തമാക്കിയിട്ടുണ്ട് 1
4. സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ട് 1
5. ചിഹ്നനം, ഖണ്ഡികാകരണം എന്നിവ പാലിച്ചെഴുതിയിട്ടുണ്ട് 1